entri

# Current affairs 01 Oct 2025

### ലോക വയോജന ദിനം
ഒക്ടോബർ 01
- 2025 Theme - Older Persons Driving Local and Global Action: Our Aspirations, Our Well-Being and Our Rights
- 1990 ഡിസംബർ 14-ന് ഐക്യരാഷ്ട്ര പൊതുസഭ ഒക്ടോബർ 1 അന്താരാഷ്ട്ര വയോജന ദിനമായി ആചരിക്കാൻ പ്രമേയം പാസാക്കി. 1982-ൽ വേൾഡ് അസംബ്ലി ഓൺ ഏജിംഗ് സംരംഭം അംഗീകരിച്ച വിയന്ന ഇന്റർനാഷണൽ പ്ലാൻ ഓഫ് ആക്ഷൻ ഓൺ ഏജിംഗ് സംരംഭത്തിന് ശേഷമാണ് ഈ ദിനം നിലവിൽ വന്നത്.

---

### പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജീവിതകഥ പറയുന്ന 'മാ വന്ദേ' എന്ന ചിത്രത്തിൽ നരേന്ദ്രമോദിയായി വേഷമിടുന്ന നടൻ
ഉണ്ണി മുകുന്ദൻ
- ക്രാന്തി കുമാർ സി.എച്ച്. ആണ് ചിത്രം സംവിധാനം ചെയ്യുന്നത്.

---

### 2025 ലെ വനിതാ ഏഷ്യാ കപ്പ് ഹോക്കി കിരീട ജേതാക്കൾ
ചൈന
- ഫൈനലിൽ ഇന്ത്യയെ പരാജയപ്പെടുത്തിയാണ് ചൈന ഏഷ്യാ കപ്പ് കിരീടം സ്വന്തമാക്കിയത്.
- 2025 ലെ വനിതാ ഏഷ്യാ കപ്പ് ഹോക്കി ടൂർണമെന്റിന്റെ വേദി - ഹാങ്ഷൂ, ചൈന

---

### ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ 'ഐ ആം ജോർജിയ: മൈ റൂട്ട്സ്, മൈ പ്രിൻസിപ്പിൾസ്' എന്ന ആത്മകഥയുടെ ഇന്ത്യൻ പതിപ്പിന് ആമുഖം എഴുതിയ ഇന്ത്യൻ നേതാവ്
നരേന്ദ്ര മോദി (ഇന്ത്യൻ പ്രധാനമന്ത്രി)

---

### ലോകത്തിലെ ഏറ്റവും ഉയരമേറിയ വാഹനപാതയായ ഖർദുങ് ലാ പാസിൽ നടന്ന 72 കിലോമീറ്റർ അൾട്രാ മാരത്തോൺ ചലഞ്ച് പൂർത്തിയാക്കിയ കേരളത്തിൽ നിന്നുള്ള ആദ്യ വനിത
സോജ സിയ










4.8 ★ Download the app now | Learn in Malayalam